# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.05.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പശ്ചിമ ബംഗാളിലെ ആദ്യ ബിജെപി മുഖ്യമന്ത്രിയായി സുവേന്ദു അധികാരി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.
   **Suvendu Adhikari to take oath as West Bengal's first BJP chief minister today.**
2. കേരള മുഖ്യമന്ത്രിയെ തീരുമാനിക്കാനായുള്ള ചർച്ചകൾ ഡൽഹിയിൽ പുരോഗമിക്കുന്നു. തമിഴ്‌നാട്ടിൽ സർക്കാർ രൂപീകരണത്തിൽ അനിശ്ചിതത്വം.
   **Discussions to decide Kerala chief minister progressing in Delhi. Uncertainty over government formation in Tamil Nadu.**
3. കരീബിയൻ രാജ്യങ്ങളുമായുള്ള ഉഭയകക്ഷി വ്യാപാരത്തിൽ ഗണ്യമായ പുരോഗതിയെന്ന് വിദേശകാര്യമന്ത്രി എസ്. ജയ്‌ശങ്കർ.
   **External Affairs Minister S. Jaishankar says there has been significant progress in bilateral trade with Caribbean countries.**
4. യു.എൻ സുരക്ഷാ കൗൺസിലിൽ യുഎസ് പിന്തുണയുള്ള കരട് പ്രമേയം ഇറാൻ നിരസിച്ചു. ഹോർമുസ് കടലിടുക്കിനെച്ചൊല്ലി തർക്കം രൂക്ഷം.
   **Iran rejects US-backed draft resolution in UN Security Council. Dispute over Strait of Hormuz intensifies.**
5. കേരളത്തിൽ വേനൽമഴ കനക്കുന്നു. ഇന്ന് 9 ജില്ലകളിൽ മഞ്ഞ ജാഗ്രത.
   **Summer rains in Kerala. Yellow alert in 9 districts today.**

6. ഐപിഎലിൽ ഡൽഹിക്കെതിരെ കൊൽക്കത്തയ്ക്ക് 8 വിക്കറ്റ് ജയം. ഐഎസ്എലിൽ സ്പോർട്ടിംഗ് ഡൽഹിയെ പരാജയപ്പെടുത്തി ഒഡീഷ.

**Kolkata beats Delhi by 8 wickets in IPL. Odisha defeats Sporting Delhi in ISL.**

&&&&&&&&&&&&&&&&&&&&&&

**WB - SWEARING-IN**

പശ്ചിമ ബംഗാളിലെ ആദ്യ ബിജെപി മുഖ്യമന്ത്രിയായി സുവേന്ദു അധികാരി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. കൊൽക്കത്തയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിലാണ് സത്യപ്രതിജ്ഞാ ചടങ്ങ് നടക്കുക. പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, ബിജെപി അധ്യക്ഷൻ നിതിൻ നബിൻ, കേന്ദ്രമന്ത്രിമാർ, എൻഡിഎ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ എന്നിവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&

**KERALA CM-DISCUSSION**

കേരളത്തിൽ പുതിയ മുഖ്യമന്ത്രിയെ തീരുമാനിക്കാനായുള്ള ചർച്ചകൾ ഡൽഹിയിൽ പുരോഗമിക്കുന്നു. കോൺഗ്രസ് നിയമസഭാ കക്ഷി യോഗത്തിനു ശേഷം അഖിലേന്ത്യാ നേതൃത്വത്തിന്റെ നിരീക്ഷകർ ഡൽഹിക്കു മടങ്ങി. ഇവർ കോൺഗ്രസ് ദേശീയ നേതൃത്വവുമായി നടത്തുന്ന ചർച്ചകൾക്കു ശേഷമാവും പാർലമെന്ററി പാർട്ടി നേതാവിനെ സംബന്ധിച്ച തീരുമാനം പ്രഖ്യാപിക്കുക. മുഖ്യമന്ത്രി സ്ഥാനത്തേക്ക് ആര് വേണമെന്ന കാര്യത്തിൽ വിഭിന്ന അഭിപ്രായങ്ങൾ ഉയരുന്ന സാഹചര്യത്തിൽ ഹൈക്കമാൻഡ് ഇത് സംബന്ധിച്ച അന്തിമ തീരുമാനം വൈകാതെ അറിയിക്കും. ഞായറാഴ്ച പ്രഖ്യാപനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

**TN GOVT FORMATION TWIST (INTRO)**

തമിഴ്നാട്ടിൽ സർക്കാർ രൂപീകരണത്തിൽ അനിശ്ചിതത്വം തുടരുന്നു. ടിവികെയ്ക്ക് പിന്തുണ നൽകില്ലെന്ന് ഇന്ത്യൻ യൂണിയൻ

മുസ്ലിംലീഗ് കേവല ഭൂരിപക്ഷം നേടാനുള്ള വിജയ്‌യുടെ നീക്കത്തിന് തിരിച്ചടിയായി. ഇതേതുടർന്ന്, ഇന്ന് നടത്താനിരുന്ന സത്യപ്രതിജ്ഞാ ചടങ്ങ് മാറ്റിവെച്ചതായാണ് ഏറ്റവും പുതിയ വിവരം.

**വിശദാംശങ്ങളിലേക്ക്.... (വോയ്സ്)**

## TN GOVT FORMATION TWIST (VOICE)

തമിഴ്നാട് രാഷ്ട്രീയത്തിൽ നിർണ്ണായകമായ വഴിത്തിരിവുകളാണ് കഴിഞ്ഞ മണിക്കൂറുകളിൽ ഉണ്ടായത്. തനിക്ക് ഭൂരിപക്ഷമുണ്ടെന്ന് അവകാശപ്പെട്ട് ടിവികെ അധ്യക്ഷൻ സി ജോസഫ് വിജയ് ഇന്നലെ വീണ്ടും ഗവർണറെ കണ്ട് സർക്കാർ രൂപീകരണത്തിന് അവകാശവാദം ഉന്നയിച്ചിരുന്നു. എന്നാൽ, ടിവികെയ്ക്ക് പിന്തുണ നൽകുന്നു എന്ന വാർത്തകൾ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് തള്ളിയതോടെ കാര്യങ്ങൾ മാറിമറിഞ്ഞു. ടിവികെ നേതാക്കൾ രണ്ടുതവണ പിന്തുണ തേടി സമീപിച്ചെങ്കിലും കത്ത് നൽകിയിട്ടില്ലെന്ന് പ്രൊഫ. ഖാദർ മൊയ്തീന്റെ നേതൃത്വത്തിലുള്ള IUML വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. ഇതോടെ വിസികെയുടെ നിലപാട് നിർണ്ണായകമായിരിക്കുകയാണ്. സർക്കാർ രൂപീകരണത്തിൽ തങ്ങളും പങ്കാളികളാകുമെന്ന് വിസികെ എംഎൽഎ വന്നി അരശ് ട്വീറ്റ് ചെയ്തിട്ടുണ്ട്. മറ്റൊരു നാടകീയ നീക്കത്തിൽ, AI ADMK ജനറൽ സെക്രട്ടറി എടപ്പാടി പളനിസ്വാമിയെ മുഖ്യമന്ത്രിയാക്കാൻ ഏക എംഎൽഎയുടെ പിന്തുണ പ്രഖ്യാപിച്ച് AMMK നേതാവ് ടി ടി വി ദിനകരൻ ഗവർണറെ കണ്ടു. തങ്ങൾ ടിവികെയെ പിന്തുണയ്ക്കുന്നു എന്ന പേരിൽ പ്രചരിച്ച കത്ത് വ്യാജമാണെന്നും തന്റെ ഒപ്പ് ദുരുപയോഗം ചെയ്തതായും ദിനകരൻ ആരോപിച്ചു. 234 അംഗ സഭയിൽ 118 പേരുടെ പിന്തുണയാണ് സർക്കാർ രൂപീകരണത്തിനു വേണ്ടത്. കോൺഗ്രസും സിപിഐ എമ്മും സിപിഐയും ടിവികെയ്ക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.
ന്യൂസ് ഡെസ്ക്, ആകാശവാണി.

**&&&&&&&&&&&&&&&&&&&&&**

## STALIN-GOVERNOR; GOVT

തമിഴ്നാട്ടിൽ സർക്കാർ രൂപീകരണത്തിനുള്ള ഭരണഘടനാപരമായ നടപടികൾ ഗവർണർ അടിയന്തരമായി സ്വീകരിക്കണമെന്ന്

ഡിഎംകെ അധ്യക്ഷൻ എം കെ സ്റ്റാലിൻ ആവശ്യപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട എംഎൽഎമാരുടെ പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ, സഭ നിലവിൽ വരുന്നതിനും ജനക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും സർക്കാർ രൂപീകരണം അത്യന്താപേക്ഷിതമാണ്. ജനാധിപത്യപരമായ ഉത്തരവാദിത്തം നിറവേറ്റാൻ മുൻകൈ എടുക്കണമെന്നും, അദ്ദേഹം ഗവർണറോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&&&&&

## ASSAM - OATH

അസമിൽ പുതിയ സർക്കാരിൻറെ സത്യപ്രതിജ്ഞ ചൊവ്വാഴ്ച നടക്കും. ബി ജെ പി നേതൃത്വം നൽകുന്ന എൻ ഡി എ തുടർച്ചയായ മൂന്നാം തവണയാണ് സംസ്ഥാനത്ത് അധികാരത്തിലെത്തുന്നത്. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി, ബി ജെ പി നാളെ യോഗം ചേരും.

&&&&&&&&&&&&&&&&&&&&&&

## CHILE FOREIGN MINISTER-VISIT

ചിലി വിദേശകാര്യ മന്ത്രി ഫ്രാൻസിസ്കോ പെരസ് മക്കന്ന ഒരാഴ്ച നീളുന്ന സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. നാളെ ഡൽഹിയിൽ നടക്കുന്ന വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന മക്കന്ന, തിങ്കളാഴ്ച ഫോറം ഓഫ് ഇന്ത്യൻ ഫുഡ് ഇംപോർട്ടേഴ്സും, അസോവും സംഘടിപ്പിക്കുന്ന ബിസിനസ് മീറ്റുകളിൽ അതിഥിയാകും. ചൊവ്വാഴ്ച വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലുമായി കൂടിക്കാഴ്ച നടത്തുന്ന അദ്ദേഹം, CII സംഘടിപ്പിക്കുന്ന ബിസിനസ് ഇവന്റിലും ബിസിനസ് ഉച്ചകോടിയിലും സംസാരിക്കും. ബുധനാഴ്ച വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായി ചർച്ച നടത്തും. ഇന്ത്യ—ചിലി ബിസിനസ് സംഘത്തിന്റെ സംയുക്ത യോഗത്തിലും പങ്കെടുക്കും. ഇരുരാജ്യങ്ങളും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ സന്ദർശനത്തിൽ നിർണ്ണായകമാകും.

&&&&&&&&&&&&&&&&&&&&&&

## REV. IRAN-US CONFLICT

യു.എൻ സുരക്ഷാ കൗൺസിലിൽ യുഎസ് പിന്തുണയുള്ള കരട് പ്രമേയം ഇറാൻ നിരസിച്ചതിനെത്തുടർന്ന് ഹോർമുസ് കടലിടുക്കിനെച്ചൊല്ലിയുള്ള തർക്കം രൂക്ഷമാകുന്നു. യു.എൻ പ്രമേയം, സംഘർഷം പരിഹരിക്കുന്നതിനേക്കാൾ പ്രശ്നങ്ങൾ വഷളാകാൻ ഇടയാക്കുമെന്ന് ഇറാൻ വ്യക്തമാക്കി. യുദ്ധം അവസാനിപ്പിക്കുക, ഇറാനിയൻ തുറമുഖങ്ങളിലെ യുഎസ് സമുദ്ര ഉപരോധം നീക്കുക, ഹോർമുസ് കടലിടുക്കിലൂടെ കപ്പൽ ഗതാഗതം പുനഃസ്ഥാപിക്കുക എന്നിവയാണ് പ്രശ്നപരിഹാരത്തിനുള്ള ഏക മാർഗമെന്ന് ഇറാൻ അറിയിച്ചു. പ്രമേയത്തെ പിന്തുണയ്ക്കരുതെന്ന് ഇറാൻ യുഎൻ അംഗരാജ്യങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്തു. അതേസമയം പ്രമേയത്തെ യു.എസ് ഉൾപ്പെടെ ബഹ്റൈൻ, സൗദി അറേബ്യ, യുഎഇ, കുവൈറ്റ്, ഖത്തർ എന്നീ രാജ്യങ്ങൾ അംഗീകരിച്ചു.

&&&&&&&&&&&&&&&&&&&&&

## RUSSIA-UKRAINE CEASEFIRE

റഷ്യയും യുക്രെയ്നും തമ്മിൽ ഇന്ന് മുതൽ മറ്റന്നാൾ വരെ വെടിനിർത്തൽ കരാറിന് ധാരണയായി. രണ്ടാം ലോക മഹായുദ്ധത്തിലെ റഷ്യയുടെ വിജയദിനാഘോഷ ത്തോടനുബന്ധിച്ചാണ് താൽക്കാലിക വെടിനിർത്തൽ എന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ട്രൂത്ത് സോഷ്യലിലൂടെ അറിയിച്ചു. തടവുകാരുടെ കൈമാറ്റവും കരാറിൽ ഉൾപ്പെടുമെന്ന് യുഎസ് പ്രസിഡന്റ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&

## ISRAEL-LEBANON TALKS

ഇസ്രായേൽ - ലെബനൻ ചർച്ചകൾ പുനരാരംഭിക്കുന്നു. ഈ മാസം 14, 15 തീയതികളിൽ അമേരിക്കയുടെ നേതൃത്വത്തിൽ രണ്ട് ദിവസത്തെ ചർച്ചകളാണ് പുനരാരംഭിക്കുന്നത്. ഇരു രാജ്യങ്ങളുടെയും ആശങ്കകൾ പരിഹരിക്കുന്ന സമഗ്ര സമാധാന-സുരക്ഷാ കരാർ രൂപീകരിക്കുന്നതിനായാണ് യോഗം ചേരുന്നതെന്ന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## JAISHANKAR INDIA-TRINIDAD (INTRO)

കരീബിയൻ രാഷ്ട്രസന്ദർശനത്തിന്റെ അവസാനപാദത്തിൽ വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെത്തി. ഇന്ത്യയും -ട്രിനിഡാഡും തമ്മിലുള്ള ബന്ധം പുതിയ ഉയരങ്ങൾ കൈവരിച്ചതായി ശ്രീ. ജയ്ശങ്കർ

പറഞ്ഞു. ഉഭയകക്ഷി വ്യാപാരത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും, കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വ്യാപാരം ഏകദേശം 350 മില്യൺ ഡോളറിലെത്തിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ് )

നേരത്തെ ഗയാനയിലും ജമൈക്കയിലും സുരിനാമിലും

വിദേശകാര്യമന്ത്രി സന്ദർശനം നടത്തിയിരുന്നു.

&&&&&&&&&&&&&&&&&&&&&&

## HEALTH MINISTTRY – HANTAVIRUS

എം വി ഹോണ്ടിയസ് എന്ന ക്രൂയിസ് കപ്പലിൽ ഹാന്റാ വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം നിരീക്ഷണവും മുൻകരുതൽ നടപടികളും ശക്തമാക്കി. കപ്പലിൽ എട്ടുപേർക്ക് ഹന്റാവൈറസ് ബാധിച്ചതായാണ് ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട്. മൂന്നുപേർ മരിച്ചു. കപ്പലിലുള്ള രണ്ട് ഇന്ത്യൻ പൗരന്മാർ രോഗലക്ഷണങ്ങളില്ലെങ്കിലും

നിരീക്ഷണത്തിലാണ്. സാഹചര്യം വിലയിരുത്താൻ നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോളിന് കീഴിലുള്ള പബ്ലിക് ഹെൽത്ത് എമർജൻസി ഓപ്പറേഷൻസ് സെന്റർ ഉന്നതതല യോഗം ചേർന്നു.

&&&&&&&&&&&&&&&&&&&&&&

## KSRTC

ജെൻഡർ ടിക്കറ്റിങ് നടപ്പാക്കാനൊരുങ്ങി കെ എസ് ആർ ടി സി. ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ വഴി ടിക്കറ്റ് വിതരണം

ചെയ്യുമ്പോൾ പുരുഷൻ, സ്ത്രീ എന്ന് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഇന്ന് മുതലാണ് പ്രാബല്യത്തിൽ വരിക.

&&&&&&&&&&&&&&&&&&&&&&

## WEATHER

കേരളത്തിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും, കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 9 ജില്ലകളിൽ ഇന്നും, ഏഴ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്നലെ, ഒഡീഷ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് സ്പോർട്ടിംഗ് ഡൽഹിയെ തോൽപ്പിച്ചു. ഇന്ന് വൈകിട്ട് അഞ്ചിന്, ഗോവ-മോഹൻ ബഗാനെയും, രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ജംഷഡ്പൂർ-ബെംഗളൂരുവിനെയും നേരിടും.

&&&&&&&&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി. 143 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കൊൽക്കത്ത രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി. ഇന്ന്, രാജസ്ഥാൻ റോയൽസ്-ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

&&&&&&&&&&&&&&&&&&&&&&

## INDIA CREW - DEAD

കടലിൽ വെച്ച് ഇന്ത്യക്കാരനായ കപ്പൽ ജീവനക്കാരൻ മരിച്ചതിൽ അനുശോചിച്ച് ദുബായ് കോൺസുലേറ്റ് ജനറൽ. സംഭവം നിർഭാഗ്യകരമാണെന്ന് കോൺസുലേറ്റ് ജനറൽ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. കപ്പലിന്റെ ഉടമയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും കൂടുതൽ വിവരങ്ങൾ അന്വേഷിച്ചുവരികയാണെന്നും കോൺസുലേറ്റ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

## INDIA AND AUSTRALIA

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള പ്രതിരോധ നയ ചർച്ചകളുടെ 10-ാം പതിപ്പ് ന്യൂഡൽഹിയിൽ നടന്നു, പ്രതിരോധ ജോയിന്റ് സെക്രട്ടറി അമിതാഭ് പ്രസാദും ഓസ്ട്രേലിയൻ ഡിപ്പാർട്ട്മെന്റ് ഓഫ് ഡിഫൻസ് ബെർണാഡ് ഫിലിപ്പും നേതൃത്വം നൽകി. ഇന്ത്യ-

ഓസ്ട്രേലിയ സമഗ്ര പങ്കാളിത്തം, ഊട്ടിയുറപ്പിക്കാൻ ചർച്ചയിലൂടെ സാധിച്ചുവെന്ന് പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

**YUVA SANGAM – EDUCATION**

ഏക് ഭാരത് ശ്രേഷ്ഠ ഭാരത് പദ്ധതിയുടെ ഭാഗമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ യുവസംഗം- ആറാം ഘട്ടം സംഘടിപ്പിക്കും. പരിപാടിയുടെ ഭാഗമായി രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവാക്കൾ, അയൽ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സന്ദർശിക്കും. യുവജനങ്ങൾക്കിടയിലെ ബന്ധം, സാംസ്കാരിക സംയോജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാണ് പരിപാടി.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&